പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4055 — 24.08.2017-ൽ മറുപടിക്ക്

## അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ ശുചിത്വം ഉറപ്പാക്കൽ

| ചോദ്യം | മറുപടി |
|---|---|
| ഡോ.എം. കെ. മുനീർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, പി.ഉബൈദുള്ള<br>,, പാറക്കൽ അബ്ദുല്ല : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ ശുചിത്വം ഉറപ്പാക്കാൻ കഴിയാത്തതിനാൽ രോഗങ്ങൾ പടർന്നു പിടിക്കുന്നതിനുള്ള സാധ്യത ഏറെയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ഈ ക്യാമ്പുകളിൽ മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ ഒരുക്കുന്നതിനായി തൊഴിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (എ) യും (ബി) യും ഉണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകൾ പലതിലേയും ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് ഈ അവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 03.08.2016-ലെ സ.ഉ.(സാധാ) 960/2016/തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്) ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ(കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് 17.12.2015-ലെ സ.ഉ.(സാധാ) 1717/2015/തൊഴിൽ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ടാസ്ക്ഫോഴ്സിന്റെ പ്രവർത്തനം ഊർജ്ജിതമായി നടന്നു വരുന്നു. ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടു കൂടി മെഡിക്കൽ ക്യാമ്പുകളും നടത്തി വരുന്നു. 2016-17 |

സാമ്പത്തിക വർഷം ഇതരസംസ്ഥാന തൊഴിലാളികളുടെ മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണത്തിനുമായി 50,00,000/- രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 72 മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണത്തിനുമായി 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ള 50 ലക്ഷം രൂപയിൽ 15 ലക്ഷം രൂപ ബോധവൽക്കരണ പരിപാടികൾക്കായി മാറ്റിവച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.